റോഡുകളുടെ വികസനത്തിന് മുന്തിയ പരിഗണന നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ലോകബാങ്ക് ധനസഹായത്തോടെ കെ.എസ്.ടി.പി. പദ്ധതി നിലവിൽ വന്നത്. കെ.എസ്.ടി.പി.-ഒന്ന് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 254 കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുകയും 1200 കി.മീ. റോഡുകൾ ഹെവിമെയിന്റനൻസ് ചെയ്ത് വികസനം പൂർത്തിയാക്കുകയും ചെയ്തു. ഇതിനെ തുടർന്ന് കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി ലോകബാങ്ക് ധനസഹായത്തോടെ കേരളത്തിലെ തെരഞ്ഞെടുത്ത 363 കി.മീ. ദൈർഘ്യമുള്ള 6 പ്രധാന റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ദേശീയപാതകളായ എൻ.എച്ച്. 47 ഉം-എൻ.എച്ച്.17 ഉം ബി.ഒ.റ്റി. വ്യവസ്ഥയിൽ സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ പൂർണ്ണ സഹകരണം നൽകി പദ്ധതി സാക്ഷാത്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് 5 ദേശീയപാതകളായ എൻ.എച്ച്. 49, എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.220, എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി ഘട്ടംഘട്ടമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യപടിയായി പ്രസ്തുത പദ്ധതികൾക്കുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചു വരുന്നു.

കൊരട്ടി ജംഗ്ഷനിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി നടപടി

228 (4860) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ജംഗ്ഷനിൽ നാലുവരിപ്പാതയുടെയും, റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണം പൂർത്തിയാക്കിയെങ്കിലും നിലവിൽ ഉണ്ടായിട്ടുള്ള ഗതാഗതക്കുരുക്കും, അപകടസാധ്യതകളും ഒഴിവാക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) മുരിങ്ങൂർ ഡിവൈൻ നഗർ റെയിൽവേ മേൽപ്പാലത്തിൽ നടപ്പാത നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊരട്ടി റെയിൽവേ മേൽപ്പാലം നിർമ്മാണത്തോടനുബന്ധിച്ച് അപ്രോച്ച് റോഡ് നാഷണൽ ഹൈവേയിൽ ചേരുന്ന ജംഗ്ഷൻ വിപുലീകരിച്ച് നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുരിങ്ങൂർ ഡിവൈൻ നഗർ റെയിൽവേ മേൽപ്പാലത്തിൽ കാൽനടക്കാർക്കു വേണ്ടി റെയിൽവേ ഭാഗത്തിന് ഇരുവശവും ആയി ചവിട്ടുപടികൾ നിർമ്മിക്കുന്നത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്രോച്ച് ഭാഗത്ത് റെയിൽവേയുടെ അടുത്തുള്ള 2 സ്ഥാനകൾ ഒഴികെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞതാണ്. ആയതിനാൽ പുതിയതായി നടപ്പാത കൂട്ടിച്ചേർക്കുന്നത് പ്രായോഗികമല്ല.

അരൂർ മണ്ഡലത്തിലെ ഇറവൂർ-കുമ്പളങ്ങി റോഡിന്റെ പുനരുദ്ധാരണം

229 (4861) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലെ ഇറവൂർ-കുമ്പളങ്ങി റോഡിന്റെ പുനരുദ്ധാരണത്തിന് എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; എന്നാണ് വർക്ക് ടെൻണ്ടർ ചെയ്തത്; കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടി എന്നാണ് സ്വീകരിച്ചത്; പിന്നീട് വർക്ക് ടെൻണ്ടർ ചെയ്തോ; എത്ര പ്രാവശ്യം ചെയ്തു; ഏത് വർഷത്തെ നിരക്കിലാണ് വർക്ക് ടെൻണ്ടർ ചെയ്തത്;

(ബി) റിസ്ക് ആന്റ് കോസ്റ്റിൽ മുൻ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്ത സ്ഥിതിക്ക് ഏറ്റവും പുതിയ നിരക്കിൽ വർക്ക് ടെൻണ്ടർ ചെയ്യുന്നതിന് നിയമ തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിച്ച് വർക്ക് ടെൻണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലെ ഇറവൂർ-കുമ്പളങ്ങി റോഡിന്റെ പുനരുദ്ധാരണത്തിന് 390 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 11-1-2010-ൽ വർക്ക് ടെണ്ടർ ചെയ്തു. 16-11-2013-ൽ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. പിന്നീട് രണ്ടു പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും പ്രവർത്തി ഏറ്റെടുക്കാൻ ആരും തയ്യാറാകാത്തതുകാരണം ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. 2009 എസ്.ഒ.ആർ. പ്രകാരമാണ് വർക്ക് ടെണ്ടർ ചെയ്തത്.

(ബി) ചീഫ് എഞ്ചിനീയറിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകി പുതിയ നിരക്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly